(ബി) ഇതിൽ എത്രപേരുടെ കേസ്സുകൾ കോടതി തീർപ്പാക്കി ; തീർപ്പാക്കിയവ ലോവർ ഇൻകം, മിഡിൽ ഇൻകം, ഹയർ ഇൻകം എന്നീ വിഭാഗങ്ങളിൽ വേർതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇത്തരം കേസ്സുകൾ വഴി ഇളവ് നൽകിയെങ്കിൽ കേസ്സുകൾ ഒഴിവാക്കി ഇളവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2007-ൽ 76 പേരും 2010 ജനുവരി 1-നും 2010 ജൂൺ 1-നും ഇടയ്ക്ക് 38 പേരുമാണ് ഹൗസിംഗ് ബോർഡിനെതിരെ വായ്പ കുടിശ്ശിക ഇളവു ചെയ്തു കിട്ടുവാൻ കേസ് കൊടുത്തിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) നിലവിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിൽ ഇല്ല.

**ഇടുക്കി നിയോജക മണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള ഭൂമി**

**149 (4502)** ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര വിസ്തൃതി ഭൂമിയുണ്ട് ; ഇത് ഏതെല്ലാം പഞ്ചായത്തുകളിലാണുള്ളത് ; ഇതിന്റെ സർവ്വേ നമ്പർ എത്രയാണ് ;

(ബി) പ്രസ്തുത ഭൂമി അതിര് തിരിച്ച് സംരക്ഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഭൂമി ഭവനനിർമ്മാണ വകുപ്പിന്റെ ഉടമസ്ഥതയിൽ വന്നത് എന്നാണ് ;

(ഡി) വികസന പ്രവർത്തനങ്ങൾ ഒന്നുമില്ലാതെ വർഷങ്ങളായി വെറുതെ ഇട്ടിരിക്കുന്ന പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി ഇക്കോഫ്രണ്ടിലിയായ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ വാഴത്തോപ്പ് പഞ്ചായത്തിൽ സർവ്വേ നമ്പർ 161/1-ൽ 3.26 ഏക്കർ ഭൂമിയും (വാഴത്തോപ്പ് പബ്ലിക്ക് ഹൗസിംഗ് സ്കീം) കട്ടപ്പന പഞ്ചായത്തിൽ 36/3, 39/4, 39/7, 39/8, 39/9, 40/1, 48, 39/6, 40/16, 40/17 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട 4.61 ഏക്കർ ഭൂമിയും (കട്ടപ്പന ഹൗസിംഗ് സ്കീം സൈറ്റ് 2 സ്റ്റേജ് II) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) വാഴത്തോപ്പ് പബ്ലിക്ക് ഹൗസിംഗ് സ്കീമിൽപ്പെട്ട ഭൂമി 5-10-1993- ലും കട്ടപ്പന ഹൗസിംഗ് സ്കീം സൈറ്റ് 2 സ്റ്റേജ് II, 21-6-1994-ലും ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ വന്നിട്ടുള്ളതാണ്.

(ഡി) കട്ടപ്പന ഘട്ടം II-ൽ ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി നിയോജകമണ്ഡലത്തിലുള്ള ബോർഡിന്റെ സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കാൻ ഭവനനിർമ്മാണ ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

**മൂവാറ്റുപുഴ മണ്ഡലത്തിൽ എം.എൻ. ലക്ഷം വീട് പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ**

151 (4503) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം എത്ര വീടുകൾ വീതം ഓരോ പഞ്ചായത്തിലും പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം ഏതൊക്കെ പഞ്ചായത്തുകളിൽ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് ഹൗസിംഗ് ബോർഡിൽ നിന്നും ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളുടേയും വീടുകളുടേയും വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. പായിപ്ര ഗ്രാമ പഞ്ചായത്ത് | - | 16 വീടുകൾ |
| 2. കൂത്താട്ടുകുളം ഗ്രാമ പഞ്ചായത്ത് | - | 28 വീടുകൾ |
| 3. മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് | - | 34 വീടുകൾ |

(ബി) പായിപ്ര ഗ്രാമ പഞ്ചായത്തിലെ 11 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 2 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൂത്താട്ടുകുളം, മഞ്ഞള്ളൂർ പഞ്ചായത്തുകളിൽ വീട് പുനർ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓരോ പഞ്ചായത്തിനും ഹൗസിംഗ് ബോർഡിൽ നിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly